**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3878** **06-08-2021 - ൽ മറുപടിയ്ക്ക്**

**കടൽഭിത്തികളും പുലിമുട്ടുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടലിനാലും പുഴകളാലും കായലുകളാലും ചുറ്റപ്പെട്ട് കിടക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴിപ്പിള്ളി, പള്ളിപ്പുറം തുടങ്ങിയ കടലോര പഞ്ചായത്തുകൾ നേരിടുന്ന കടലാക്രമണഭീഷണിക്ക് പരിഹാരം കാണുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കടലിനാലും പുഴകളാലും കായലുകളാലും ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് വൈപ്പിൻ. വൈപ്പിൻ ദ്വീപിൽ 2020 സാമ്പത്തിക വർഷത്തിൽ എടവനക്കാട് അണിയിൽ ബീച്ചിൽ 377 ലക്ഷം രൂപയുടെ 4 പുലിമുട്ടുകളുടെ പ്രവൃത്തിയും, MLA - ADS ൽ ഉൾപ്പെടുത്തി 82.50 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുള്ളതാണ്. 48 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിരുന്നുവെങ്കിലും ആരും ഏറ്റെടുക്കാത്തതിനാൽ റീ ടെൻഡർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കടൽക്ഷോഭം തടയുന്നതിനായി വൈപ്പിൻ ദ്വീപിലെ എടവനക്കാട്, ഞാറയ്ക്കൽ, നായരമ്പലം, പള്ളിപ്പുറം എന്നിവിടങ്ങളിൽ ജിയോ ബാഗ് ഉപയോഗിച്ച് താല്ക്കാലിക സംരക്ഷണ ഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള 24 കി.മീ. വരുന്ന കടൽതീരത്ത് എവിടെയെല്ലാമാണ് കടൽഭിത്തികളും പുലിമുട്ടുകളും സ്ഥാപിക്കേണ്ടതെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | വൈപ്പിൻ പ്രദേശത്തിനു അനുയോജ്യമായ പുലിമുട്ടുകളും കടൽ ഭിത്തിയും നിർമ്മിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനു അനുസൃതമായി ഡിസൈനും എസ്റ്റിമേറ്റും തയാറാക്കിയതിനുശേഷം മാത്രമേ എത്ര തുക വരുമെന്ന് കണക്കാക്കാനാകുകയുള്ളൂ. |
| (സി) | രൂക്ഷമായ കടലാക്രമണഭീഷണി നേരിടുന്ന ഈ മേഖലകളിൽ കടൽഭിത്തിയും പുലിമുട്ടും സ്ഥാപിക്കുന്നതിനായി എന്നത്തേക്ക് തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | വൈപ്പിൻ പ്രദേശത്തിനു അനുയോജ്യമായ പുലിമുട്ടുകളും കടൽ ഭിത്തിയും നിർമ്മിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനു അനുസൃതമായി ഡിസൈനും എസ്റ്റിമേറ്റും തയാറാക്കിയതിനുശേഷം മാത്രമേ എത്ര തുക വരുമെന്ന് കണക്കാക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ